ഗുരുമാർഗം

വേദം പഠിച്ചവൻ വിവരിക്കുന്ന വേദതത്വങ്ങൾ കേട്ടപാടെ നഷ്ടമാകുന്നു. ജീവിതാനുഭവങ്ങൾ തന്നെ പലതും ഇങ്ങനെ വന്നും പോയുമിരിക്കുന്നു.

ഒരു ജാതി ഒരു മതം ഒരു ദൈവം

മകയിരം 19 - 56
പ്രഥമ 39 - 02
1940 ജ്യേഷ്ഠം 24
1439 റംസാൻ 29
1193 ഇടവം 31

സബ് ജഡ്ജിമാത്രം വിചാരിച്ചാൽ പോര

എറണാകുളം ബ്രോഡ് വേയിലെ പച്ചക്കറി മാർക്കറ്റിൽ കുന്നുകൂടിയ മാലിന്യശേഖരം നീക്കം ചെയ്യാൻ സബ് ജഡ്ജിയും ജില്ലാ ലീഗൽ സർവീസസ് അതോറിട്ടി സെക്രട്ടറിയുമായ എ.എം. ബഷീറിന് ഏതാനും മണിക്കൂർ ദുർഗന്ധം സഹിച്ച് സത്യഗ്രഹം നടത്തേണ്ടിവന്നത് മാദ്ധ്യമങ്ങളിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ വാർത്തയായി. മാലിന്യം കൊണ്ടുപൊറുതിമുട്ടുന്ന നാട്ടുകാർക്ക് ഇതുപോലുള്ള പ്രത്യക്ഷ സമരമുറകൾക്കിറങ്ങാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. അഥവാ സമരം സംഘടിപ്പിച്ചാൽത്തന്നെ അധികൃതർ തിരിഞ്ഞുനോക്കിയില്ലെന്നും വരാം. ഇത്തരം ജനകീയ വിഷയങ്ങളിൽ ഇടപെടേണ്ട രാഷ്ട്രീയക്കാരാകട്ടെ ദൂരെ മാറിനിൽക്കാറാണ് പതിവ്. വിശേഷാവസരങ്ങളിൽ ഉടയാത്ത വേഷമിട്ട് ശ്രമദാനങ്ങൾക്കായി പോസ് ചെയ്യുന്നതിനപ്പുറം രൂക്ഷമായ മാലിന്യ പ്രശ്നത്തിന് പരിഹാരം തേടുന്ന കാര്യത്തിൽ രാഷ്ട്രീയ നേതൃത്വങ്ങളും കാര്യമായ ശ്രമങ്ങളൊന്നും നടത്താറില്ല. ബ്രോഡ് വേയിലെ പഴം-പച്ചക്കറി മാർക്കറ്റിലുള്ള കടകൾ പരിശോധിക്കാനെത്തിയപ്പോഴാണ് സബ് ജഡ്ജി അവിടെ കുന്നുകൂട്ടിയിട്ടിരിക്കുന്ന മാലിന്യമല ശ്രദ്ധിച്ചത്. നഗരസഭയാണ് ഇത് നീക്കം ചെയ്യേണ്ടത്. എന്നാൽ ദിവസേന രണ്ട് ലോഡ് മാലിന്യം കൊണ്ടുപോകുമെന്നല്ലാതെ ശേഷിക്കുന്നത് അവിടെത്തന്നെ കിടക്കും. മഴ കൂടിയായപ്പോൾ ഇത് ചീഞ്ഞളിഞ്ഞ് പരിസരമാകെ ദുർഗന്ധം പരത്തുകയാണ്. മാർക്കറ്റിലെ മാലിന്യങ്ങൾക്ക് പുറമേ നഗരത്തിലെ ഹോട്ടലുകളിലെ അവശിഷ്ടങ്ങളുടെ നല്ലൊരുഭാഗം എത്തുന്നതും ഇവിടെയാണ്. നഗരസഭയുടെ ശുചീകരണ വിഭാഗം ജീവനക്കാർ തങ്ങളുടെ ജോലി കൃത്യമായി ചെയ്തിരുന്നവെങ്കിൽ ഇത്തരമൊരു ദുസ്ഥിതി ഉണ്ടാകുമായിരുന്നില്ല. ഏതായാലും അധികൃതരെ ഉണർത്താൻ സബ്ജഡ്ജി കണ്ടെത്തിയ മാർഗം മാലിന്യമലയ്ക്ക് താഴെ കസേരയിട്ട് ഇരിക്കുക എന്നതായിരുന്നു. അതിന് ഫലവുമുണ്ടായി. സബ് ജഡ്ജിയുടെ ഇരിപ്പ് സമരത്തെക്കുറിച്ചുള്ള വിവരം അറിഞ്ഞതോടെ നഗരസഭ ഉണർന്നു. മാലിന്യം വാരി നീക്കാൻ വണ്ടികളും ജെ.സി.ബിയും ജീവനക്കാരുമൊക്കെ എത്തി. മണിക്കൂറുകൾകൊണ്ട് മാലിന്യമെല്ലാം അപ്രത്യക്ഷമാകുകയും ചെയ്തു. സംസ്ഥാനത്തെ എല്ലാ നഗര പ്രദേശങ്ങളിലും ഇതുപോലുള്ള മാലിന്യമലകൾ കാണാം. മാസങ്ങളോളം അത് അങ്ങനെ തന്നെ കിടക്കാറാണ് പതിവ്. കണ്ടുകണ്ടു പഴകിയതുകൊണ്ടാവാം ആരും പ്രതികരിക്കാറുപോലുമില്ല. എറണാകുളത്ത് സബ്ജഡ്ജി തുനിഞ്ഞിറങ്ങിയതുകൊണ്ട് ബ്രോഡ്‌വേയിലെ ദുർഗന്ധത്തിന് അറുതിയായി. ഭരണ സിരാകേന്ദ്രത്തിന് ചുറ്റിലും തൊട്ടടുത്ത് കേന്ദ്രങ്ങളിലും മാലിന്യശേഖരം കൊണ്ട് നിറയുന്ന അവസ്ഥ പലപ്പോഴും ഉണ്ടാകാറുണ്ട്. മന്ത്രിമാരും സെക്രട്ടറിമാരുമൊക്കെ അവ കടന്നാണ് നിത്യേന പോകാറുള്ളത്. ഒരു നടപടിയും ഉണ്ടാകാറില്ല. സദാ കണ്ണാടി ഉയർത്തിവച്ച വാഹനത്തിലാണ് യാത്രയെന്നതിനാൽ മാലിന്യത്തിൽ നിന്നുയരുന്ന ദുർഗന്ധം ഒരിക്കലും അവരാരും അറിയാറുമില്ല.

> **സമൂഹത്തോട് ഉത്തരവാദിത്വവും പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥർ അധികാരസ്ഥാനങ്ങളിൽ ഉണ്ടായിരുന്നുവെങ്കിൽ മാലിന്യ പ്രശ്നത്തിന് എന്നേ പരിഹാരം ഉണ്ടാകുമായിരുന്നു. ബ്രോഡ്‌വേയിലെ മാലിന്യം നീക്കാൻ സബ്ജഡ്ജിയുടെ ഇടപെടൽ സഹായിച്ചു. എന്നാൽ സംസ്ഥാനത്ത് എമ്പാടുമുള്ള മാലിന്യങ്ങൾ വാരിമാറ്റാൻ ഒന്നല്ല നൂറുപേർ വിചാരിച്ചാലും സാധിക്കുമെന്ന് തോന്നുന്നില്ല.**

സംസ്ഥാനത്തിന്റെ തീരാശാപമായ മാലിന്യം വേണമെന്നു വിചാരിച്ചാൽ പണമാക്കി മാറ്റാൻ കഴിയുമെന്നതിന് ഉദാഹരണങ്ങളുണ്ട്. മനസ് വയ്ക്കാത്തതുകൊണ്ട് ഒന്നും നടക്കുന്നില്ലെന്നുമാത്രം. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ പ്രസിദ്ധീകരിച്ച പ്രത്യേക വാർത്തയിൽ മാലിന്യ സംസ്കരണ വിഷയത്തിൽ നൂതനമായ ഒരു സമീപനമാണ് അവതരിപ്പിച്ചത്. മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉണ്ടാക്കാനുള്ള പദ്ധതിയെക്കുറിച്ചാണ് അതിൽ പറയുന്നത്. ഖര മാലിന്യങ്ങൾ സംസ്കരിച്ച് സിന്തറ്റിക് ഗ്യാസ് ഉത്പാദിപ്പിച്ച് അതുപയോഗിച്ച് വെള്ളം തിളപ്പിച്ച് നീരാവിയിലൂടെ ടർബൈൻ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉണ്ടാക്കുന്ന സാങ്കേതിക വിദ്യയാണ് പരീക്ഷിക്കപ്പെടുന്നത്. മൊത്തം 2450 കോടിരൂപ മുടക്കുമുതൽ വേണ്ടിവരുന്ന ഏഴ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശമാണുള്ളത്. പൊതു-സ്വകാര്യ പങ്കാളിത്തത്തിലായിരിക്കും ഈ സംരംഭം. പത്തേക്കർ മുതൽ പതിനേഞ്ചക്കർവരെ സ്ഥലം പ്ലാന്റിനായി കണ്ടെത്തിയിട്ടുണ്ട്. സ്ഥലം ഈടുവച്ച് വായ്പ എടുക്കാനാണ് നീക്കം. സർക്കാരിന്റെ സഹായമില്ലാതെ തന്നെ പദ്ധതി നടപ്പാക്കാൻ കഴിയും. ആഗോള ടെണ്ടർ വിളിച്ച് കമ്പനികളെ കണ്ടെത്തും. രണ്ടുവർഷം കൊണ്ട് പ്ലാന്റുകൾ പ്രവർത്തനം തുടങ്ങത്തക്ക നിലയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്ലാന്റുകളാകും നിലവിൽ വരിക. പ്ലാന്റിന് 35 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തുനിന്ന് സംഭരിക്കുന്ന മാലിന്യങ്ങളായിരിക്കും പ്ലാന്റുകൾ ഉപയോഗപ്പെടുത്തുന്നത്. ഒരു ടൺ മാലിന്യത്തിൽനിന്ന് നാനൂറ് യൂണിറ്റിലധികം വൈദ്യുതി ഉത്പാദിപ്പിക്കാനാകുമെന്നാണ് കണക്ക്.

തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ മാലിന്യ സംസ്കാരണ പ്ലാന്റുകൾ സർക്കാർ തലത്തിൽ സ്ഥാപിക്കാൻ നടന്ന ശ്രമങ്ങളെല്ലാം പരാജയമടയുകയായിരുന്നു. നിശ്ചയദാർഢ്യമില്ലാത്തതുകൊണ്ടുണ്ടായ പരാജയമാണത്. മാലിന്യ പ്ലാന്റിന് ജനങ്ങൾ എതിരായതിനാലാണ് ശ്രമം ഉപേക്ഷിക്കേണ്ടിവന്നതെന്നാകും സർക്കാരിന്റെ വിശദീകരണം. വിളപ്പിൽശാല സൃഷ്ടിച്ച ഭീകരദുരിതമാണ് ജനങ്ങളുടെ എതിർപ്പിന് പ്രധാനകാരണം. നല്ല നിലയിൽ പ്രവർത്തിച്ചുവന്ന വിളപ്പിൽശാല സംസ്കരണ പ്ലാന്റ് ശേഷിയുടെ ഇരട്ടി മാലിന്യം എത്താൻ തുടങ്ങിയതുമുതലാണ് കുഴപ്പത്തിലായത്. മറ്റൊരു സ്ഥലത്ത് ആധുനിക പ്ലാന്റ് സ്ഥാപിച്ച് നല്ലനിലയിൽ പ്രവർത്തിപ്പിച്ച് ബോദ്ധ്യപ്പെടുത്താൻ നഗരസഭയ്ക്കോ സർക്കാരിനോ കഴിഞ്ഞില്ല. മാലിന്യ പ്ലാന്റ് എന്ന് കേൾക്കുന്ന മാത്രയിൽ പ്രതിഷേധവുമായി ജനം ഇളകാൻ തുടങ്ങുന്നത് വിളപ്പിൽശാലയുടെ ദുരനുഭവം മുന്നിലുള്ളതുകൊണ്ടാണ്. വൈദ്യുതി ഉത്പാദനം കൂടി ലക്ഷ്യമിട്ട് ഏഴിടത്ത് തുടങ്ങാൻ പോകുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ നല്ല രീതിയിൽ മുന്നോട്ടുപോയാൽ കൂടുതൽ നഗരങ്ങളിലേക്ക് അവ വ്യാപിപ്പിക്കാൻ സാധിക്കും. മാലിന്യങ്ങളിൽ നിന്നുള്ള ശാശ്വത മോചനത്തിന് വഴിതെളിയും. സംസ്ഥാനം എത്രയോ കാലമായി ഇത്തരത്തിലൊരു പദ്ധതിക്കായി കാത്തിരിക്കുകയാണ്. സമൂഹത്തോട് ഉത്തരവാദിത്തവും പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥർ അധികാരസ്ഥാനങ്ങളിൽ ഉണ്ടായിരുന്നുവെങ്കിൽ മാലിന്യപ്രശ്നത്തിന് എന്നേ പരിഹാരം ഉണ്ടാകുമായിരുന്നു. ബ്രോഡ്‌വേയിലെ മാലിന്യം നീക്കാൻ സബ്ജഡ്ജിയുടെ ഇടപെടൽ സഹായിച്ചു. എന്നാൽ സംസ്ഥാനത്ത് എമ്പാടുമുള്ള മാലിന്യങ്ങൾ വാരിമാറ്റാൻ ഒന്നല്ല നൂറുപേർ വിചാരിച്ചാലും സാധിക്കുമെന്നുതോന്നുന്നില്ല. സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യങ്ങൾ ഉപയോഗപ്രദമാക്കി മാറ്റുന്ന സാങ്കേതിക വിദ്യയുടെ പ്രചാരം വേഗത്തിലാക്കുകയാണ് ശുചിത്വ കേരള സൃഷ്ടിക്ക് ആവശ്യം.

കൊറിയൻ സമാധാനം സിംഗപ്പൂർ ഷോയിലൂടെ

ഡോ. ജോസുകുട്ടി സി.എ.

കഴിഞ്ഞദിവസം കിമ്മും ട്രംപും തമ്മിൽ നടന്ന കൂടിക്കാഴ്ചയെക്കുറിച്ച് മഹത്തായ വിജയമെന്നും അതല്ല, വെറുമൊരു പ്രകടനമായിരുന്നു എന്നും ഉള്ള അഭിപ്രായങ്ങളും വിലയിരുത്തലുകളുമാണ് പൊതുവെ കാണുന്നത്. യഥാർത്ഥത്തിൽ ഉച്ചകോടി എന്തുനേടി? ഉച്ചകോടി കൊറിയൻ ഉപദ്വീപിൽ സമാധാനം കൊണ്ടുവരുമോ അതോ സിംഗപ്പൂരിൽ നടന്ന ഒരു നയതന്ത്ര ഷോയായി പരിണമിക്കുമോ എന്ന് പരിശോധിക്കുകയാണിവിടെ...



പ്രതീകാത്മകം

ഏകദേശം 70 വർഷമായി യുദ്ധം ചെയ്തും വെല്ലുവിളിച്ചും ഭീഷണിപ്പെടുത്തിയും മിസൈലുകൾ തൊടുത്തുവിട്ടും സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയും കഴിഞ്ഞുകൂടിയ രണ്ട് രാഷ്ട്രത്തലവൻമാർ പഴയകാലം മറന്ന് ഒരു മേശയ്ക്ക് ചുറ്റും ഇരുന്ന് പ്രശ്നങ്ങളെല്ലാം പരിഹരിക്കാമെന്ന ധാരണയിലെത്തുന്നത് വലിയ നേട്ടമാണെന്ന കാര്യത്തിൽ സംശയമില്ല. കൊറിയൻ ഉപദ്വീപിൽ സുസ്ഥിര സമാധാനം സ്ഥാപിക്കാൻ ഒരു വാതിൽ തുറന്നിരിക്കുകയാണ്. കൃത്യമായി ഇത് എന്ന് സാധിക്കും എന്നതിനെക്കാൾ പ്രതീകാത്മകമായി സമാധാനത്തിന്റെ പാതയിലൂടെയേ ഇത് നേടിയെടുക്കാൻ കഴിയൂ എന്ന സന്ദേശമാണ് ഉച്ചകോടി നൽകുന്നത്. ഇത് ശരിവയ്ക്കുന്ന പ്രതികരണങ്ങളാണ് ഇരുനേതാക്കളും ചർച്ചയ്ക്ക് ശേഷം നടത്തിയത്. 'ഇന്ന് നടന്നതിനെക്കുറിച്ച് അഭിമാനിക്കുന്നു, കൊറിയൻ ഉപദ്വീപുമായി പുതിയ ബന്ധത്തിന് തുടക്കമായി', എന്നാണ് ട്രംപ് വീമ്പിളക്കിയത്. 'ഗതകാലത്തെ മറികടന്ന് വലിയ മാറ്റത്തിന് തുടക്കം കുറിക്കുന്ന ചരിത്രപരമായ കൂടിക്കാഴ്ച' എന്നാണ് കിം അഭിപ്രായപ്പെട്ടത്. ഈ രണ്ട് പ്രസ്താവനകളും കൂടിക്കാഴ്ചയുടെ പ്രതീകാത്മകമായ പ്രാധാന്യത്തെയാണ് കാണിക്കുന്നത്.

ബാഹ്യശക്തികൾ

സമാധാന ഉടമ്പടി പ്രാവർത്തികമാക്കാൻ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് ബാഹ്യശക്തികളുടെ താത്പര്യങ്ങൾ. ഉത്തര കൊറിയയും അമേരിക്കയും എന്ന പോലെ തെക്കൻ കൊറിയയും ചൈനയും ജപ്പാനും കൊറിയൻ ഉപദ്വീപിൽ പ്രത്യേക താത്പര്യമുള്ള രാജ്യങ്ങളാണ്. ഉത്തര കൊറിയയുടെ സുരക്ഷ അമേരിക്ക ഉറപ്പാക്കുമെന്ന പ്രസ്താവന ചൈനയ്ക്ക് ദഹിക്കാൻ ഇടയില്ല. തെക്കൻ കൊറിയയുമായി ചേർന്നുള്ള അമേരിക്കയുടെ സംയുക്ത സൈനിക അഭ്യാസം നിർത്തിയെന്ന ട്രംപിന്റെ പ്രസ്താവന ദക്ഷിണ കൊറിയയെ അമ്പരപ്പിച്ചിട്ടുണ്ട്. ജപ്പാന്റെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടാതെ കരാർ വിജയിക്കില്ല. ചുരുക്കത്തിൽ ബാഹ്യശക്തികളെ വിശ്വാസത്തിലെടുക്കാതെ കരാറിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ കഴിയുമോ എന്ന് കണ്ടുതന്നെ അറിയണം.

കിറുക്കന്മാരല്ല, കുറുക്കന്മാരാണ്

സിംഗപ്പൂർ ചർച്ച നടക്കുന്നതിന് മുൻപ് ട്രംപിനെയും കിമ്മിനെയും അരക്കിറുക്കന്മാരായാണ് വിലയിരുത്തിയിരുന്നത്. എന്നാൽ ഇവർ കിറുക്കന്മാരല്ല, തന്ത്രശാലികളായ കുറുക്കന്മാരാണെന്ന് കൂടിക്കാഴ്ച തെളിയിക്കുന്നു. പരസ്പരം ആശ്ലേഷിച്ചും. ആവശ്യത്തിലധികം പ്രശംസിച്ചും ചരിത്രനേട്ടം കൈവരിച്ചു എന്ന മട്ടിലുള്ള പ്രസ്താവനകളാണ് ഇരുവരും നടത്തിയത്. പ്രശ്നപരിഹാരത്തിനോടൊപ്പം സ്വന്തം രാഷ്ട്രീയ നേട്ടങ്ങൾ സംരക്ഷിക്കാൻ ഇവർ പ്രത്യേകം ശ്രമിക്കുന്നുണ്ട്.

ട്രംപ്, അന്താരാഷ്ട്ര രംഗത്തെ ഒറ്റപ്പെടൽ അവസാനിപ്പിച്ച് സമാധാന ദൂതനായി അവതരിച്ചു. ആഭ്യന്തര രാഷ്ട്രീയത്തിൽ പ്രത്യേക നേട്ടങ്ങൾ ഒന്നും തന്നെയില്ലാത്ത ട്രംപ്, അടുത്ത തിരഞ്ഞെടുപ്പിനെ നേരിടാനും പറ്റുമെങ്കിൽ സമാധാനത്തിന്റെ നോബൽ സമ്മാനം നേടാനും ഈ ഉച്ചകോടിയെ ഉപയോഗപ്പെടുത്തും.

കിമ്മിനെ സംബന്ധിച്ചിടത്തോളം അന്താഷ്ട്ര രംഗത്തെ ഒറ്റപ്പെടലിന് വിരാമമായി. നല്ലവനെന്ന് അമേരിക്ക സർട്ടിഫിക്കറ്റ് നൽകിയ കിമ്മിന് മറ്റ് രാജ്യങ്ങളുമായി നയതന്ത്ര സാമ്പത്തിക ബന്ധങ്ങൾക്ക് തുടക്കം കുറിക്കാം. ഒറ്റ കൂടിക്കാഴ്ച കൊണ്ട് രാഷ്ട്രതന്ത്രജ്ഞന്മാരുടെ പരിവേഷം ചാർത്തിക്കിട്ടി എന്നത് ഈ കുറുനരികളുടെ വിജയം തന്നെയാണ്.

ഇന്ത്യൻ നിലപാട്

മിക്ക ലോകരാജ്യങ്ങളും കൂടിക്കാഴ്ചയെ സമാധാനത്തിലേക്കുള്ള സുപ്രധാന നടപടിയായാണ് കാണുന്നത്. ഇന്ത്യയും സംയുക്തപ്രസ്താവനയെ സ്വാഗതം ചെയ്തുകഴിഞ്ഞു. വടക്കൻ കൊറിയ പാകിസ്ഥാന്റെ ആണവ മിസൈൽ പദ്ധതികളെ രഹസ്യമായി സഹായിച്ചുകൊണ്ടിരുന്ന രാജ്യമാണ്. ഇന്ത്യ ശക്തമായി ഇതിൽ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ കൊറിയൻ ഉപദ്വീപ് സമ്പൂർണ ആണവനിരായുധീകരണത്തിലേക്ക് നീങ്ങുന്നത്, പാക്കിസ്ഥാന്റെ ആണവശേഷിയെ ദുർബലമാക്കും. മാത്രമല്ല, കൊറിയൻ ഉപദ്വീപിലെ സമാധാനം ആ രാജ്യവുമായി കൂടുതലായ സാമ്പത്തിക സഹകരണത്തിന് ഇന്ത്യയ്ക്ക് അവസരം നൽകുകയും ചെയ്യും.

ഒന്നുറപ്പിച്ച് പറയാം ഒരു ആണവയുദ്ധത്തിന്റെ പോലും കാർമേഘങ്ങൾ ഉരുണ്ടുകൂടി സംഘർഷഭരിതമായിരുന്ന കൊറിയൻ ഉപദ്വീപിൽ താത്കാലികമായെങ്കിലും ആ ഭീതി ഒഴിവായിക്കിട്ടിയത് നേട്ടമാണെന്ന കാര്യത്തിൽ സംശയമില്ല. അതേസമയം സംയുക്ത പ്രസ്താവനയിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുത്തില്ലെങ്കിൽ സിംഗപ്പൂരിലെ സമാധാനദ്വീപിൽ നടന്ന പ്രകടനം വെറും നയതന്ത്ര പ്രഹസനമായി ചരിത്രം വിലയിരുത്തും.

(ലേഖകൻ കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകനാണ്. ഫോൺ : 9447145381)

നേട്ടങ്ങൾ

- കൊറിയൻ ഉപദ്വീപിനെ പരിപൂർണ ആണവായുധ വിമുക്തമാക്കും.
- ഉത്തര കൊറിയയുടെ സുരക്ഷയ്ക്ക് അമേരിക്കയുടെ ഉറപ്പ്.
- കൊറിയൻ ഉപദ്വീപിൽ സുസ്ഥിര സമാധാനം സ്ഥാപിക്കും.
- തെക്കൻ കൊറിയയും അമേരിക്കയും ചേർന്ന് നടത്തുന്ന സംയുക്ത സൈനിക അഭ്യാസം നിറുത്തി വയ്ക്കും.
- യുദ്ധത്തിൽ മരിച്ച അമേരിക്കൻ സൈനികരുടെ ഭൗതിക അവശിഷ്ടം കൈമാറും.
- ക്രമേണ ഉത്തരകൊറിയയ്ക്കെതിരെയുള്ള സാമ്പത്തിക ഉപരോധം പിൻവലിക്കും.
- ഔദ്യോഗികമായി കൊറിയൻ യുദ്ധം അവസാനിച്ചു എന്ന കരാർ ഒപ്പിടും.
- ഉത്തര കൊറിയ മിസൈൽ പരീക്ഷണ കേന്ദ്രം നശിപ്പിക്കും.

കോട്ടങ്ങൾ

- തീരുമാനങ്ങൾ എന്ന് നടപ്പാക്കുമെന്ന് പറയുന്നില്ല.
- ഉത്തര കൊറിയയുടെ മിസൈൽ ശേഷി മരവിപ്പിക്കുന്നതിനെക്കുറിച്ച് ഒന്നും പറയുന്നില്ല.
- സാമ്പത്തിക ഉപരോധം എന്ന് നീക്കുമെന്ന് പറയുന്നില്ല.
- ആണവനിരായുധീകരണത്തിന് ആവശ്യമായ പരിശോധനകളോ മേൽനോട്ടമോ സംബന്ധിച്ച് വ്യക്തതയില്ല.
- മുൻപ് എത്തിച്ചേർന്നിട്ടുള്ള കരാറുകളെ അപേക്ഷിച്ച് സാങ്കേതിക മേന്മയില്ല.
- ചൈന, ജപ്പാൻ തുടങ്ങിയ രാഷ്ട്രങ്ങളുടെ താത്പര്യങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല.
- സംയുക്ത പ്രസ്താവനയ്ക്ക് വെറും ആഗ്രഹം പ്രകടിപ്പിക്കലിന്റെ നിലവാരം മാത്രം.

പ്രവാസിയുടെ സമ്പാദ്യം നാടിന്റെ വികസനത്തിന്

ലാലുജോസഫ്

കേരളീയന്റെ സ്വപ്നങ്ങളെ വാർത്തെടുക്കുന്നു
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
KERALA INFRASTRUCTURE INVESTMENT FUND BOARD
KIIFB
GOVERNMENT OF KERALA

പിണറായി വിജയൻ മന്ത്രിസഭ മുന്നോട്ടുവയ്ക്കുന്ന ബദൽ വികസന നയത്തിന്റെ ഏറ്റവും പ്രധാന ഉപകരണമായിട്ടാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാണുന്നത്. 2007-2011 കാലയളവിൽ കെ.എസ്.എഫ്.ഇ. ആവിഷ്കരിച്ചതാണ് പ്രവാസി മലയാളികൾക്കായുള്ള ഈ ചിട്ടി. തുടർന്ന് 2016 ജൂലൈയിൽ കേരള സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്ക് പ്രവാസി ചിട്ടി എന്ന നൂതന സമ്പാദ്യപദ്ധതി തുടങ്ങാൻ അനുമതി നൽകി. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനമന്ത്രി തോമസ് ഐസക് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തി. മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിങ്ങനെ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വൻ പദ്ധതികൾ കേരള അടിസ്ഥാന വികസന നിക്ഷേപ ഫണ്ട് ബോർഡ് (കിഫ്ബി) വഴി നടപ്പിലാക്കാൻ പ്രവാസി ചിട്ടിയിലെ വരുമാനം പ്രയോജനപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചു. ഇതിനായി കിഫ്ബി ബോണ്ടുകളിൽ തുക നിക്ഷേപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയിൽ അംഗമാകുന്ന പ്രവാസികൾക്ക് സുരക്ഷിത സമ്പാദ്യത്തിനുള്ള അവസരം കിട്ടുന്നതിനൊപ്പം എൽ.ഐ.സി.യുടെ ഇൻഷ്വറൻസ് പരിരക്ഷയും, സ്റ്റേറ്റ് ഇൻഷ്വറൻസ് നൽകുന്ന അത്യാഹിത സുരക്ഷാസഹായവും ലഭിക്കും. പ്രവാസി ചിട്ടിയുടെ പ്രവർത്തനം പൂർണമായും ഡിജിറ്റലാണെന്ന പ്രത്യേകതയും ഉണ്ട്. ഇത്തരത്തിലുള്ള ഒരു ചിട്ടി ലോകത്തിലാദ്യമാണ്.

ധാന്യക്കുറിയിൽ നിന്ന് കെ.എസ്.എഫ്.ഇ യിലേക്ക്

ഗ്രാമീണ സംസ്കാരത്തിന്റെ ഭാഗമായി ഉയർന്നുവന്നതാണ് ചിട്ടി. പണം ആവശ്യമുള്ളയാളെ സഹായിക്കാൻ ഒരു ഗ്രാമം മുഴുവൻ ഇടപെട്ട് വായ്പാസഹായം നൽകിവന്ന രീതിയിലാണ് തുടക്കം. പരസ്പരവിശ്വാസവും സഹകരണവും സുഹൃദ്ബന്ധവും ചിട്ടിപ്രസ്ഥാനത്തെ വളർത്തി. നൂറ്റാണ്ടുകൾ പഴക്കമുള്ള പ്രാഥമികരൂപങ്ങൾ തിരു-കൊച്ചി മലബാർ ഭാഗങ്ങളിൽ നിലവിലുണ്ടായിരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ലോഗന്റെ മലബാർ മാനവലിലും (1887) ബ്രിട്ടീഷുകാരി എഡിത്ത് ജമീമ സിംകോക്സിന്റെ (1894) പ്രിമിറ്റീവ് സിവിലൈസേഷൻസ് എന്ന ഗ്രന്ഥത്തിലും അക്കാലത്ത് മലബാറിൽ നിലവിലുണ്ടായിരുന്ന 'കുറിക്കല്യാണം' അഥവാ മലബാർകുറി എന്ന ദ്രവീഡിയൻ കാലത്തെ ചിട്ടിരൂപത്തെക്കുറിച്ച് പറയുന്നുണ്ട്. 1800-ൽ കൊച്ചി രാജാവായിരുന്ന രാജരാമവർമ്മ തൃശ്ശൂർ അങ്ങാടിയിലെ സുറിയാനി ക്രിസ്ത്യാനി കച്ചവടക്കാർക്ക് കച്ചവടത്തിന് പണം ചിട്ടിവായ്പ നൽകിയിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അതിനും എത്രയോ മുമ്പ് 1577-ൽ ഇന്ത്യാ സന്ദർശനം നടത്തിയ ചൈനയിൽ നിന്നുള്ള പോർച്ചുഗീസ് മിഷണറിമാർ കൊടുങ്ങല്ലൂരിൽ മുസിരിസ് സന്ദർശിക്കുകയും വൈപ്പിൻകോട്ടയിൽ സെമിനാരി സ്ഥാപിക്കുകയും അതുവഴി ചിട്ടിപ്രവർത്തനം നടത്തുകയും ചെയ്തതായി രേഖകളുണ്ട്. 1830-കളിൽ തൃശ്ശൂർ കൽദായ വലിയ പള്ളിയിലാണ് ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ വ്യവസ്ഥാപിത ചിട്ടി നടത്തിയതായി കണ്ടെത്തിയിട്ടുള്ളത്. പള്ളിപണിക്കായി നടത്തിയ ചിട്ടിക്ക് കൃത്യമായ കണക്കുകളും എന്തിനേറെ പാസുബുക്കും ഉണ്ടായിരുന്നത്രെ. കാലാന്തരേണ തൃശ്ശൂർ കുറിക്കമ്പനികളുടെ നാടായി. പട്ടണങ്ങളുടെ ആവിർഭാവത്തോടെ വ്യക്തികളിൽ നിന്ന് സ്ഥാപനങ്ങളും കമ്പനികളും സഹകരണസംഘങ്ങളും ചിട്ടിനടത്തിപ്പുകാരായി. കച്ചവടക്കാരും ശമ്പളക്കാരായ ജീവനക്കാരും ചിട്ടി അംഗങ്ങളായി. പണത്തിന് ആവശ്യക്കാരുടെ എണ്ണം കൂടിയതോടെ ലേലച്ചിട്ടികൾ തുടങ്ങി. സംസ്ഥാനത്തെ ചിട്ടിരംഗം പൂർണമായും സ്വകാര്യമേഖലയുടെ കൈയിലായിരുന്നു എന്ന് കണ്ട് 1967-ലെ രണ്ടാം ഇ.എം.എസ്. മന്ത്രിസഭ ചിട്ടിയിൽ സർക്കാർ ഇടപെടൽ നടത്താൻ തീരുമാനിക്കുകയായിരുന്നു. അക്കൊല്ലം ബഡ്ജറ്റിൽ ധനകാര്യമന്ത്രി പി.കെ.കുഞ്ഞ് ഇത് സംബന്ധിച്ച പ്രസ്താവന നടത്തി. സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. റിപ്പോർട്ട് കിട്ടിയ മുറയ്ക്ക് 1969 നവംബർ 6-ന് തൃശ്ശൂർ ആസ്ഥാനമാക്കി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ.) രൂപീകരിച്ച് സർക്കാർ ഉത്തരവു വന്നു. സ്വകാര്യ ചൂഷകരുടെ പിടിയിൽ നിന്ന് നിക്ഷേപകരെ മോചിപ്പിക്കാനുദ്ദേശിച്ച് 2 ലക്ഷം രൂപ മൂലധനമായി തുടങ്ങിയ കെ.എസ്.എഫ്.ഇ. ഇന്ന് 581 ശാഖകളും ഏഴായിരത്തിലധികം ജീവനക്കാരും ഉള്ള സ്ഥാപനമാണ്. 2018-ലെ വാർഷിക റിപ്പോർട്ട് പ്രകാരം 36305 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനം. അതിന്റെ പുതിയ പദ്ധതിയാണ് പ്രവാസിചിട്ടി.

പ്രവാസിചിട്ടി

18-നും 55-നും ഇടയ്ക്ക് പ്രായമുള്ള ഇന്ത്യൻ പൗരന്മാരായ പ്രവാസി മലയാളികൾക്ക് ചിട്ടിയിൽ അംഗമാകാം. പ്രവാസിചിട്ടി വഴി സമാഹരിക്കുന്ന പണത്തിന്റെ നീക്കിയിരിപ്പ് (ബാങ്കിംഗ് ഭാഷയിൽ പറഞ്ഞാൽ ഫ്ളോട്ട്) തുകയാണ്. കിഫ്ബിയുടെ വ്യത്യസ്ത അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി ഉപയോഗിക്കുക. പ്രവാസി ചിട്ടിയുടെ ദൈനംദിന നീക്കിയിരിപ്പ് കെ.എസ്.എഫ്.ഇ. കിഫ്ബിയുടെ ബോണ്ടുകളിൽ കരുതലാകും. ഈ ബോണ്ടുകളുടെ ജാമ്യക്കാരൻ കേരള സർക്കാരാണ്. കിഫ്ബി ബോണ്ടുകളിൽ നിന്ന് സ്വരൂപിക്കുന്ന തുകയാണ് വികസന പദ്ധതികൾ പൂർത്തീകരിക്കാൻ ചെലവിടുക. ചിട്ടിതുകയുടെ നീക്കിയിരിപ്പ് മാത്രമാണ് ഉപയോഗപ്പെടുത്തുന്നത് എന്നതിനാൽ ചിട്ടിയുടെ സുഗമമായ നടത്തിപ്പിന് പണമില്ലാതെ വരുന്ന അവസ്ഥയുണ്ടാകില്ല. ചിട്ടിക്കായി കൂടുതൽ തുക വേണ്ടിവന്നാൽ നേരത്തെ സ്വരൂപിക്കപ്പെട്ട കിഫ്ബി ബോണ്ടുകളിൽ നിന്ന് തിരികെ എടുത്ത് ഉപയോഗിക്കാനാവും.

പത്തുലക്ഷം രൂപ വരെ ഒന്നോ അതിലധികമോ ചിട്ടികളായി പ്രവാസി മലയാളിക്ക് ചിട്ടി അംഗത്വമെടുക്കാം. ചിട്ടി ഇടപാടുകളെല്ലാം ഓൺലൈൻ വഴി നടത്താനാവും എന്നത് പ്രവാസി ചിട്ടിയെ മറ്റു ചിട്ടികളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് എന്നീ സൗകര്യങ്ങളുപയോഗിച്ച് വിദേശത്തുനിന്ന് പണമടയ്ക്കാം. ഓൺലൈനിലൂടെ ചിട്ടിലേലത്തിൽ പങ്കെടുക്കാം. ലേലത്തുക ഓൺലൈനിലൂടെ ലഭിക്കുകയും ചെയ്യും. ലേലത്തുകയ്ക്ക് ഈടുനൽകുന്നതു സംബന്ധിച്ച നടപടിക്രമങ്ങളെല്ലാം ഓൺലൈനിൽ ചെയ്യാനാകും. മൊബൈൽ ആപ്ലിക്കേഷൻ, വെബ്സൈറ്റ് എന്നിവയിലൂടെ എല്ലാ ചിട്ടി ഇടപാടുകളും നടത്താനാവും. ആഴ്ചയിൽ എല്ലാ ദിവസവും 24 മണിക്കൂർ പ്രവർത്തിക്കുന്ന കോൾസെന്റർ സംവിധാനം. ലോകത്തിലെ ഏതു കോണിൽ നിന്നും ചിട്ടിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഓൺലൈനിലൂടെ അറിയാനാവും. അവധിക്ക് നാട്ടിലെത്തുന്ന പ്രവാസിക്ക് കെ.എസ്.എഫ്.ഇ.യുടെ ഏതു ശാഖയിലും ബാങ്ക് ചെക്ക് മുഖാന്തിരം ചിട്ടിപണം അടയ്ക്കാനാവും. വിദേശത്തുനിന്നോ, നാട്ടിലോ പ്രവാസിചിട്ടി ഇടപാടുകൾ ക്യാഷായി (നോട്ടിടപാട്) നടത്താനാവില്ല. പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിൽ മടങ്ങിയെത്തുന്നവർക്ക് പ്രവാസി ചിട്ടിയിൽ അംഗമായി തുടരാം. ജോലി നഷ്ടപ്പെട്ട് വരുമാനമില്ലാത്തവർക്ക് അതുവരെ ചിട്ടിയിൽ നിക്ഷേപിച്ച തുക തിരികെ ലഭിക്കുകയും ചെയ്യും. കാരണം പ്രവാസി മലയാളിക്ക് മാത്രമായുള്ള നൂതന സമ്പാദ്യ പദ്ധതിയാണ് പ്രവാസിചിട്ടി.

> **പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിൽ മടങ്ങിയെത്തുന്നവർക്ക് പ്രവാസി ചിട്ടിയിൽ അംഗമായി തുടരാം. ജോലി നഷ്ടപ്പെട്ട് വരുമാനമില്ലാത്തവർക്ക് അതുവരെ ചിട്ടിയിൽ നിക്ഷേപിച്ച തുക തിരികെ ലഭിക്കുകയും ചെയ്യും. കാരണം പ്രവാസി മലയാളിക്ക് മാത്രമായുള്ള നൂതന സമ്പാദ്യ പദ്ധതിയാണ് പ്രവാസിചിട്ടി**

എൽ.ഐ.സി.യുടെ ഇൻഷ്വറൻസ്, പെൻഷൻ, സ്റ്റേറ്റ് ഇൻഷ്വറൻസ് നൽകുന്ന അത്യാഹിത സുരക്ഷാ പരിരക്ഷ, സുരക്ഷിത സമ്പാദ്യം എന്നിങ്ങനെ നാല് വ്യത്യസ്ത സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്ന ലോകത്തെ ഒരേ ഒരു ചിട്ടിയാണ് പ്രവാസി ചിട്ടി. അപകടമരണം, തൊഴിലെടുക്കാനാവാത്തവിധത്തിലുള്ള അംഗഭംഗം എന്നിവ സംഭവിക്കുന്ന അവസരങ്ങളിൽ എൽ.ഐ.സിയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനൊപ്പം പെൻഷനും കിട്ടും. ചിട്ടിതുകയിൽ ഒരാൾ അടയ്ക്കാനുള്ള ബാക്കി തുക കെ.എസ്.എഫ്.ഇ. തന്നെ അടച്ചുതീർക്കുകയും ചെയ്യും എന്ന പ്രത്യേകതയും പ്രവാസി ചിട്ടിക്കുണ്ട്.

സ്റ്റേറ്റ് ഇൻഷ്വറൻസാണ് അപകട ഇൻഷുറൻസ് നൽകുന്നത്. ഇതിന്റെ ആനുകൂല്യം ലഭിക്കാൻ ചിട്ടി തുകയല്ലാതെ അധികമായി ഒരു രൂപ പോലും അംഗങ്ങൾ നൽകേണ്ടതില്ല. പ്രവാസി ചിട്ടിയുടെ തലയാൾ എന്ന നിലയിൽ കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിക്കുന്ന വിഹിതത്തിൽ നിന്നാണ് ഇത് ചെയ്യുക. അംഗത്തിന് പെൻഷനും ഇൻഷ്വറൻസും പൂർണമായി തന്നെ ലഭിക്കും. ചിട്ടിതുക ലഭിച്ചിട്ടുള്ള അംഗത്തിന് ഇങ്ങനെ അത്യാഹിതം സംഭവിക്കുന്നതെങ്കിൽ ചിട്ടി തുക ലഭിക്കാൻ ഈടായി നൽകിയ രേഖകളൊക്കെയും കെ.എസ്.എഫ്.ഇ. ഉടനടി മോചിതമാക്കും. വിദേശത്ത് മരണം സംഭവിക്കുന്ന അവസരങ്ങളിൽ മൃതദേഹം നാട്ടിലെത്തിക്കാനുള്ള ചെലവും ഒപ്പം സഞ്ചരിക്കുന്നയാൾക്ക് ഒന്നര ലക്ഷം രൂപ വരെ പരിധി നിശ്ചയിച്ച് വിമാനക്കൂലിയും ലഭിക്കും.

തന്റെ സമ്പാദ്യം കേരള ഗവൺമെന്റ് ജാമ്യത്തിൽ കിഫ്ബി വഴി തന്റെ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുമ്പോൾ തനിക്കെന്ത് നേട്ടം എന്ന് ആലോചിക്കുന്നവർക്കുപോലും കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി കാണാതിരിക്കാനാവില്ല.

(ലേഖകൻ ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ മുൻ ലോ ഓഫീസറും സ്വതന്ത്രപത്രപ്രവർത്തകനുമാണ്. ഫോൺ : 9847835566)